**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ: 3999** **21.06.2019-ൽ മറുപടിയ്ക്ക്**

**മീൻകുഴി വാട്ടർ റിക്രിയേഷൻ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച മീൻകുഴി വാട്ടർ റിക്രിയേഷൻ പദ്ധതിക്ക് സാങ്കേതിക അനുമതി ലഭിക്കാത്തതും തുടർനടപടികൾ വൈകുന്നതും എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ? | (എ) & (ബി) | പയ്യന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട ചെറുകിട ജലസേചന വിഭാഗത്തിന്റെ അധീനതയിലുള്ളതാണ് മീൻകുഴി അണക്കെട്ട്. പ്രസ്തുത അണക്കെട്ടിന്റെ പരിധിയിൽ പെടുന്ന സ്ഥലത്താണ് എം കുമാർ ആർക്കിടെക്റ്റ് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി 'പയ്യന്നൂർ ഹെറിറ്റേജ് ടൂറിസം, റിക്രിയേഷൻ സെന്റർ അറ്റ് മീൻകുഴി, കണ്ണൂർ' എന്ന പേരിൽ 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളത്.<br>പ്രസ്തുത പദ്ധതിയുടെ രൂപരേഖ സമർപ്പിക്കുമ്പോൾ ചെറുകിട ജലസേചന വകുപ്പിന്റെ സ്ഥല ലഭ്യതാ സർട്ടിഫിക്കറ്റ് ആർക്കിടെക്റ്റ് ലഭ്യമാക്കിയിരുന്നില്ല. പദ്ധതി റിപ്പോർട്ടിൽ സമർപ്പിച്ച ഭൂലഭ്യതാ സർട്ടിഫിക്കറ്റ് പയ്യന്നൂർ മുൻസിപ്പാലിറ്റിയുടേത് മാത്രമാണ്.<br>പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് 03.10.2018 ന് കണ്ണൂർ ജില്ലാ കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ ഇറിഗേഷൻ വകുപ്പിന്റെ ഉടസ്ഥതയിലുള്ള 7 സെന്റ് സ്ഥലത്ത് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിൽ ഇറിഗേഷൻ വകുപ്പിന് തടസ്സമില്ലയെന്ന് അറിയിക്കുകയും ഉപയോഗാനുമതി നൽകാൻ യോഗത്തിൽ ധാരണയാവുകയും ചെയ്തിരുന്നു. എന്നാൽ ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച കത്തിൽ "മീൻകുഴി അണക്കെട്ടിന്റെ പുനരുദ്ധാരണ പ്രവൃത്തികളുമായി ഡിപ്പാർട്ട്മെന്റ് മുന്നോട്ട് പോവുകയാണെന്നും 2020 ൽ നിർമ്മാണം നടത്താൻ കഴിയുമെന്നും അറിയിച്ചിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന് ആവശ്യമായി വരുന്ന ഘട്ടത്തിൽ ഈ സ്ഥലത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നീക്കം ചെയ്ത് ഇറിഗേഷൻ വകുപ്പിന് ഉപയോഗിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണെന്നും ഉള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് ഇറിഗേഷൻ വകുപ്പും ജില്ലാ ടൂറിസം വകുപ്പും കരാർ ഒപ്പിട്ട് മാത്രമെ പ്രവൃത്തി തുടങ്ങാൻ അനുവാദം നൽകാവൂ എന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്യുന്നു". വിനോദസഞ്ചാര വകുപ്പ് പദ്ധതിയുടെ ഭാഗമായി മീൻകുഴിയിൽ നടപ്പാക്കുന്ന ടൂറിസം പ്രവർത്തികൾ 2020 നോടെ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന വ്യവസ്ഥയുള്ളതിനാലാണ് പദ്ധതി പ്രവർത്തികളുമായി മുന്നോട്ടുപോകാൻ സാധിക്കാത്തത്. |
| (ബി) | ഇറിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി. നേരത്തെ തന്നെ സമർപ്പിച്ചിട്ടും ഇപ്പോൾ നേരിടുന്ന കാലതാമസം പരിഹരിക്കാൻ ആവശ്യമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ